ക്ലാസ് –4

ഭൂതലവിശകലനം ഭൂപടങ്ങളിലൂടെ

(a)
(b)
(b)
(c)
(c)
(c)
(c)
(d)
(d)
(e)
(e)
(f)
(f)
(g)
(h)
(i)
(j)
(k)
കർണാടകം
KRISHNA R.
LINGSUGUR RESERVED FOREST
Open jungle
Open scrub
Open mixed jungle
E. of GREENWICH

ചിത്രം 4.25

ഗ്രിഡ് റഫറൻസ്

- ധരാതലീയ ഭൂപടങ്ങളിൽ വടക്ക്-തെക്ക് ദിശയിലും കിഴക്ക്-പടിഞ്ഞാറ് ദിശയിലും ചുവന്ന രേഖകൾ ഉൾപ്പെടുത്തിയിരിക്കുന്നു.
- ഇവയിൽ വടക്ക് തെക്ക് ദിശയിൽ വരച്ചിരിക്കുന്ന രേഖകൾ ഈസ്റ്റിങ്സ് എന്നറിയപ്പെടുന്നു.
- കിഴക്കുപടിഞ്ഞാറ് ദിശയിലുള്ള രേഖകളെ നോർത്തിങ്സുകൾ എന്നറിയപ്പെടുന്നു.
- ഈസ്റ്റിങ്സ് - നോർത്തിങ്സ് രേഖകൾ ചേർത്തുണ്ടാക്കുന്ന ജാലികയാണ് റഫറൻസ്ഗ്രിഡ്.

BIJU KK,GHSS TUVVUR, MALAPPURAM

- ഗ്രിഡ് ഉപയോഗിച്ച് ഭൗമോപരിതല വസ്തുക്കളുടെ സ്ഥാനം നിർണയിക്കുന്നതാണ് ഗ്രിഡ് റഫറൻസ്.
- ഭൗമോപരിതലത്തിൽ ഒരു കിലോമീറ്റർ നീളവും വീതിയുമുള്ള പ്രദേശങ്ങളെയാണ് ധരാതലീയ ഭൂപടങ്ങൾ 2 സെൻറീമീറ്റർ നീളത്തിലും 2 സെൻറീമീറ്റർ വീതിയിലുമുള്ള ഗ്രിഡുകളായി തിരിച്ചിരിക്കുന്നത്.
- ധരാതലീയ ഭൂപടങ്ങളിൽ ചെറിയ ഭൂസവിശേഷതകളുടെ സ്ഥാനം കൃത്യമായി നിർണയിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാണ് ഈസ്റ്റിങ്സ് നോർത്തിങ്സ് രേഖകൾ (ഗ്രിഡുകൾ) ഉപയോഗിക്കുന്നത്.

ഈസ്റ്റിങ്സ്



ഈസ്റ്റിങ്സ്

-ധരാതലീയ ഭൂപടത്തിൽ വടക്ക്-തെക്ക് ദിശയിൽ വരച്ചിട്ടുള്ള ചുവപ്പ് രേഖകളാണ് ഇവ.

-ഇവയുടെ മൂല്യം കിഴക്ക് ദിശയിലേക്ക് പോകുംതോറും കൂടിവരുന്നു.

-ഭൂതലത്തിലെ സവിശേഷതകൾക്ക് തൊട്ട് ഇടതുവശത്തായി കാണപ്പെടുന്ന ഈസ്റ്റിങ്സിന്റെ മൂല്യമാണ് സ്ഥാന നിർണ്ണയത്തിന് പരിഗണിക്കുക.

നോർത്തിങ്സ്



നോർത്തിങ്സ്

-ധരാതലീയ ഭൂപടത്തിൽ കിഴക്ക്-പടിഞ്ഞാറ് ദിശയിൽ വരച്ചിട്ടുള്ള ചുവപ്പ് രേഖകളാണ് ഇവ.

-ഇവയുടെ മൂല്യം വടക്ക് ദിശയിലേക്ക് പോകുംതോറും കൂടിവരുന്നു.

-ഭൂതലത്തിലെ സവിശേഷതകൾക്ക് തൊട്ട് തെക്കായി കാണപ്പെടുന്ന നോർത്തിങ്സിന്റെ മൂല്യമാണ് സ്ഥാനനിർണ്ണയത്തിന് പരിഗണിക്കുക.

BIJU KK,GHSS TUVVUR, MALAPPURAM



BIJU KK,GHSS TUVVUR, MALAPPURAM

നാലക്ക ഗ്രിഡ് റഫറൻസ്

-നാലക്ക ഗ്രിഡ്റഫറൻസിൽ സ്ഥാനനിർണയം നടത്തേണ്ട ഭൂസവിശേഷതയുടെ തൊട്ട് ഇടത് ഭാഗത്തുള്ള ഈസ്റ്റിംഗ്സിന്റെമൂല്യം ആദ്യം എഴുതണം.

-അതിനുശേഷം ഭൂസവിശേഷതയുടെ തൊട്ടുതാ ഴെയുള്ള നോർത്തിങ്സിന്റെ മൂല്യം ഈസ്റ്റിങ്സിന്റെ മൂല്യത്തോടെ ചേർത്തെഴുതണം.

-ഈ സ്ഥാനനിർണയ രീതിയാണ് നാലക്ക ഗ്രിഡ്റഫറൻസ്.

BIJU KK,GHSS TUVVUR, MALAPPURAM



കുളത്തിന്റെ സ്ഥാനം നാലക്ക ഗ്രിഡ് റഫറൻസിൽ ഏത്ര?

5218 (അൻപത്തിരണ്ട് പതിനെട്ട്)

BIJU KK,GHSS TUVVUR, MALAPPURAM

ആറക്ക ഗ്രിഡ് റഫറൻസ്

– താരതമ്യേന വലിപ്പം കുറഞ്ഞ ഭൂസവിശേഷതകളെയാണ് ആറക്ക ഗ്രിഡ്റഫറൻസിലൂടെ സ്ഥാനനിർണയം നടത്തുന്നത്.

– ഇതിനായി സ്ഥാനനിർണ്ണയം നടത്തേണ്ട ഭൂസവിശേഷതയുടെ ഇടതുഭാഗത്തുള്ള ഈസ്റ്റിങ്സിന്റെ മൂല്യം ആദ്യം എഴുതണം.

– അതിനുശേഷം അടുത്ത ഈസ്റ്റിംങ്സ് വരെയുള്ള അകലത്തെ പത്ത് ഭാഗങ്ങളായി തിരിച്ച് ഏതു ഭാഗത്തിന് നേരെയാണ് ഭൂസവിശേഷത വരുന്നത് അതിന്റെ മൂല്യവും ഈസ്റ്റിങ്സിന്റെ മൂല്യത്തോട് ചേർത്ത് എഴുതണം.

BIJU KK,GHSS TUVVUR, MALAPPURAM

–തുടർന്ന് ഭൂസവിശേഷതയുടെ തൊട്ടു തെക്കായി കാണുന്ന നോർത്തിങ്സിന്റെ മൂല്യം എഴുതണം.

–അതിനുശേഷം തൊട്ടടുത്ത നോർത്തിങ്സ് വരെയുള്ള അകലത്തെ പത്ത് ഭാഗങ്ങളായി തിരിച്ച് അതിൽ ഏത് ഭാഗത്തിനു നേരെയാണ് ഭൂസവിശേഷത വരുന്നത് എന്ന് കണ്ടെത്തി ആ മൂല്യം കൂടി നോർത്തിങ്സിന്റെ മൂല്യത്തോട് ചേർത്ത് എഴുതണം.

–ഇങ്ങനെ ലഭിക്കുന്ന സംഖ്യയാണ് ആറക്ക ഗ്രിഡ് റഫറൻസ്.



ചിത്രം 4.11

ചിത്രം 4.12

കുഴൽകിണറിന്റെ സ്ഥാനം ആറക്ക ഗ്രിഡ് റഫറൻസിൽ ഏത്ര?

155766(പതഞ്ച് അഞ്ച് എഴുപത്തിആറ് ആറ്)

BIJU KK,GHSS TUVVUR, MALAPPURAM



കോട്ടയുടെ 4 അക്ക ഗ്രിഡ് റഫറൻസ് = 8134

കോട്ടയുടെ 6 അക്ക ഗ്രിഡ് റഫറൻസ് = 815345



കുഴൽ കിണറിന്റെ 4 അക്ക ഗ്രിഡ് റഫറൻസ് = 8334

കുഴൽ കിണറിന്റെ 6 അക്ക ഗ്രിഡ് റഫറൻസ് = 837344



കിണറിന്റെ 4 അക്ക ഗ്രിഡ് റഫറൻസ് = 8335

കിണറിന്റെ 6 അക്ക ഗ്രിഡ് റഫറൻസ് = 837353



അമ്പലത്തിന്റെ 4 അക്ക ഗ്രിഡ് റഫറൻസ് = 8434

അമ്പലത്തിന്റെ 6 അക്ക ഗ്രിഡ് റഫറൻസ് = 847346



ക്യസ്ത്യൻ പള്ളിയുടെ 4 അക്ക ഗ്രിഡ് റഫറൻസ് = 8436

ക്യസ്ത്യൻ പള്ളിയുടെ 6 അക്ക ഗ്രിഡ് റഫറൻസ് = 846363



വാസസ്ഥലത്തിന്റെ 4 അക്ക ഗ്രിഡ് റഫറൻസ് = 8534

വാസസ്ഥലത്തിന്റെ 6 അക്ക ഗ്രിഡ് റഫറൻസ് = 856345



ശവപ്പറമ്പിന്റെ 4 അക്ക ഗ്രിഡ് റഫറൻസ് = 8535

ശവപ്പറമ്പിന്റെ 6 അക്ക ഗ്രിഡ് റഫറൻസ് = 855354



ലൈറ്റ് ഹൗസിന്റെ 4 അക്ക ഗ്രിഡ് റഫറൻസ് = 8537

ലൈറ്റ് ഹൗസിന്റെ 6 അക്ക ഗ്രിഡ് റഫറൻസ് = 853375

ALL THE BEST

BY

BIJU K K, GHS TUVVUR,
MALAPPURAM.
9895695437,8075512478